(ബി) ഇത് തിരിച്ച് പിടിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഈ ഭൂമി നടുവത്തേടത്ത് ഇല്ലത്ത് വാസുദേവൻ നമ്പൂതിരിപ്പാട് പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്തതും റവന്യൂ രേഖകളിൽ പൊതു ഉടമസ്ഥതയിലായിരുന്നുവെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഭൂമി തിരിച്ച് പിടിക്കാൻ എന്നത്തേക്ക് നടപടിയാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട ഭൂമിയിൽ പഞ്ചായത്തിന്റെ കീഴിൽ ഉണ്ടായിരുന്ന ഭൂമി പതിച്ചു നൽകിയ അദാലത്ത് നടപടികളും വാലില്ലാപ്പുഴ കുളത്തിന്റെ വിസ്തൃതി കുറയുവാനിടയായ 748/95, 1023/95 എന്നീ നമ്പർ അദാലത്ത് നടപടികളും പുനഃപരിശോധിക്കുകയും ഭൂമി പതിച്ചു നൽകിയ 545/76 നമ്പർ പട്ടയം റദ്ദ് ചെയ്യുന്നതിനും തദ്ദാര വാലില്ലാപ്പുഴ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് സർക്കാരിനെ അറിയിക്കുവാൻ 14-11-2005-ലെ 6373/എൽ1/05/റവന്യൂ നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭൂമി തിരിച്ച് പിടിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടയം ലഭിച്ചവർ

127 [1066] ശ്രീ. പി. ടി. തോമസ് :

,, പി. ജെ. ജോയി :

,, കെ. മോഹൻകുമാർ :

,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് കൈവശരേഖ നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

GPM. 2/153/2013—20

LIBRARY ARCHIVES Kerala Legislative Assembly